പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3246 03.04.2013 - ൽ മറുപടിയ്ക്ക്

**<u>സാമൂഹ്യനീതി വകുപ്പിന്റെ പ്രവർത്തനം</u>**

ചോദ്യം | ഉത്തരം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ
,, വർക്കല കഹാർ

**ഡോ. എം.കെ. മുനീർ**
(ബഹു. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള വൃദ്ധ സദനങ്ങളടക്കമുള്ളവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ ; | (എ) | സാമൂഹ്യനീതി വകുപ്പിനു കീഴിലുള്ള എല്ലാ ക്ഷേമ സ്ഥാപനങ്ങളുടേയും നവീകരണത്തിനായി സ്ഥാപനങ്ങളെ നാല് ഗണത്തിൽപ്പെടുത്തി ഓരോന്നിനും പ്രത്യേകം ടാസ്ക്ക് ഫോഴ്സിനെ രൂപീകരിച്ചിട്ടുണ്ട്. ക്ഷേമ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം പരിശോധിക്കുക, സ്ഥാപനത്തിലെ സേവനം മെച്ചപ്പെടുത്തൽ, കെട്ടിട നവീകരണം തുടങ്ങി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി നിയോഗിച്ച ടാസ്ക് ഫോഴ്സ്, സ്ഥാപനങ്ങളുടെ നവീകരണത്തിനും അധിക ജീവനക്കാരെ നിയമിക്കുന്നതിനുമായുള്ള റിപ്പോർട്ട് ലഭ്യമാക്കി സർക്കാർ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിശ്ചിത കാലാവധിക്കുള്ളിൽ പരിശോധിച്ച് റിപ്പോർട്ട് നൽകുവാൻ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ ; | (ബി) | ടി സ്ഥാപനങ്ങൾ വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതിനാൽ സ്ഥാപന പരിശോധനക്കായി കളക്ടർമാരെ ചുമതലപ്പെടുത്തേണ്ടതുണ്ടെന്നു സർക്കാർ കരുതുന്നില്ല. |
| (സി) | ആയതിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ ? | (സി) | ടി സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ വകുപ്പിന്റെ സംഘടനാ സംവിധാനം നിലവിലുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ